## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 241 — 28.06.2016 ൽ മറുപടിയ്ക്ക്

## കെ.എസ്.സി.എസ്.സി. ഔട്ട് ലെറ്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം. ഷാജി | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.സി.എസ്.സി. റീട്ടെയിൽ ഔട്ട് ലെറ്റുകളിൽ പരിശോധനയ്ക്കായി വിജിലൻസ് വിഭാഗം നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനം വിശദമാക്കുമോ; | (എ) | സപ്ലൈകോ റീട്ടെയിൽ ഔട്ട് ലെറ്റുകളിൽ പരിശോധനയ്ക്കായി വിജിലൻസ് ഓഫീസറും, കൂടാതെ ഫ്ലയിംഗ് സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ മേഖലകളിലേക്കായി സൂപ്പർവൈസറി കാറ്റഗറിയിൽ പെടുന്ന ഓരോ ഓഫീസർമാരെയാണ് നിയോഗിച്ചിരിക്കുന്നത്, അതാത് താലൂക്ക് ഡിപ്പോകളിലെ JM (M&I) മാർ നടത്തുന്ന പരിശോധനകളിൽ ഉപരി പരിശോധന നടത്തുന്നതിനും അല്ലാതെയുള്ള മിന്നൽ പരിശോധനകൾക്കും വിവിധ പരാതികൾ വിശദമായി അന്വേഷിക്കുന്നതിനും അവരുടെ സേവനം പ്രയോജനപ്പെടുത്തുന്നു. |
| (ബി) | ഈ സ്ക്വാഡ് സംസ്ഥാനത്താകെ മിന്നൽ പരിശോധനകൾ നടത്തി വരുന്നുണ്ടോ; | (ബി) | മിന്നൽ പരിശോധനകൾ നടത്തി വരുന്നുണ്ട്. |
| (സി) | വിജിലൻസ് പരിശോധനാ വിഭാഗം കോഡ് നമ്പർ 0101202 എന്ന റീട്ടെയിൽ ഔട്ട്ലറ്റിൽ എപ്പോഴെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പരിശോധനാഫലം വിശദമാക്കുമോ; | (സി) | 0101202 എന്ന റീട്ടെയിൽ ഔട്ട്ലറ്റിൽ (കമലേശ്വരം ലാഭം മാർക്കറ്റ്) വിജിലൻസ് പരിശോധനാ വിഭാഗം പരിശോധന നടത്തിയിട്ടില്ല. |
| (ഡി) | സ്ഥിരം ജീവനക്കാരുടെ പെരുമാറ്റവും ഇടപെടലും നല്ലതാക്കാൻ കർശന നിർദ്ദേശം നൽകുമോ? | (ഡി) | ഉപഭോക്താക്കളോട് മാന്യമായി ഇടപെടുന്നതിന് ജീവനക്കാർക്ക് നിർദ്ദേശം നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ